സീനിയർ ലാംഗ്വേജ് ടീച്ചറായി തന്നെ സ്ഥലം മാറണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള കോടതി വിധി ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കോടതി വിധി എന്നാണ് ഉണ്ടായത് ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഉത്തരവു പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സീനിയർ ലാംഗ്വേജ് ടീച്ചറായി പ്രമോഷൻ ലഭിച്ചിട്ടുള്ള സംസ്കൃതാദ്ധ്യാപകരെ മറ്റു ജില്ലകളിൽ നിന്നും സ്ഥലം മാറ്റുമ്പോൾ സീനിയർ ലാംഗ്വേജ് ടീച്ചറായി തന്നെ സ്ഥലം മാറണമെന്ന് നിർദ്ദേശിച്ചു കൊണ്ടുള്ള കോടതിവിധി ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) ഉത്തരം (എ) യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) നിലവിലുള്ള നിയമപ്രകാരം ഒരു ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേക്ക് സ്ഥലം മാറ്റുമ്പോൾ ആദ്യം നിയമനം നടത്തിയ തസ്തികയിലേക്ക് മാത്രമേ സ്ഥലം മാറ്റം നൽകുകയുള്ളൂ. ഈ നിയമത്തിന് ഭേദഗതി വരുത്തുവാൻ സർക്കാർ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

പുതിയ വിദ്യാഭ്യാസ ജില്ലയുടെ രൂപീകരണം

553. [756] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വിദ്യാഭ്യാസ ജില്ലകൾ രൂപീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ?

ഉത്തരം

(എ, ബി) നിലവിലുള്ള വിദ്യാഭ്യാസ ജില്ലകൾ പുനഃസംഘടിപ്പിച്ച് പല സ്ഥലങ്ങളിലും പുതിയ വിദ്യാഭ്യാസ ജില്ലകൾ രൂപീകരിക്കേണ്ടതാണെന്ന നിർദ്ദേശം ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതി മൂലം ഒരുമിച്ച് നടപ്പിലാക്കാൻ നിവൃത്തിയില്ല. എന്നാൽ ഭരണപരമായി അത്യാവശ്യമെന്നു കാണുന്ന വിദ്യാഭ്യാസ ജില്ലകൾ പുനഃസംഘടിപ്പിച്ചുകൊണ്ട് ഇതു ഘട്ടം ഘട്ടമായി നടപ്പിലാക്കി വരികയാണ്.

കോടഞ്ചേരി ഗവൺമെന്റ് കോളേജ് കെട്ടിടം പണി

554. [758] ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗവൺമെന്റ് കോളേജിന് കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ എത്രത്തോളമായി ;

(ബി) പ്രസ്തുത കോളേജ് കെട്ടിടത്തിന്റെ എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയോ ;

(സി) കെട്ടിടം പണിക്ക് ടെൻഡർ വിളിച്ചുവോ ;

LIBRARY ARCHIVES Kerala Legislative Assembly